**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **10-02-2025 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ 'നിലാവ് പദ്ധതി' പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ, ഗ്യാരന്റി കാലാവധി അനുസരിച്ച് കേടായത് മാറ്റി സ്ഥാപിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED സ്ട്രീറ്റ് ലൈറ്റുകൾ 7 വർഷ കാലയളവിൽ കേടായാൽ അവയുടെ കേടുപാടുകൾ തീർത്തോ/പുതിയവ നൽകുകയോ ചെയ്യേണ്ടത് ടി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആയ EESL ആണ്. കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പോസ്റ്റിൽ നിന്നും അഴിച്ചിറക്കി അതാത് സെക്ഷൻ ഓഫീസുകളിൽ എത്തിക്കുകയും, സെക്ഷനുകളിൽ നിന്നും ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിച്ച EESL ന് അറിയിപ്പ് നൽകുകയും ചെയ്യുമ്പോൾ LED സ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്ത കമ്പനിക്കാരെ കൊണ്ട് EESL, ആയവ നന്നാക്കുകയോ പുതിയവ നൽകുകയോ ചെയ്യും. (EESL-ന്റെ ഭാഗത്തു നിന്നും കേടായ LED ലൈറ്റുകൾ കേടുപാട് തീർത്തു തരുന്നതിനു കാലതാമസം നേരിട്ടിട്ടുണ്ട്). നന്നാക്കിയ LED സ്ട്രീറ്റ്ലൈറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരികെ പോസ്റ്റിൽ സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. ഈ നടപടി ക്രമങ്ങൾ പാലിക്കപ്പെടുമ്പോഴുണ്ടാകുന്ന കാലതാമസമാണ് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എന്നപോലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ഉണ്ടാകുന്നത്. |
| (ബി) | നിലാവ് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് കെ.എസ്.ഇ.ബി. സ്ഥാപിച്ചത് എന്ന് വിശദമാക്കാമോ; ഇതിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ ആണ് പ്രവർത്തനരഹിതമായതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലാവ് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് 7500 LED സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചത്. അതിൽ 1017 എണ്ണം കേടാവുകയും 1006 എണ്ണം കേടുപാടുകൾ തീർത്ത് പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേടായ സ്ട്രീറ്റ് ലൈറ്റുകൾ എപ്പോൾ മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ചിറക്കി സെക്ഷനിൽ എത്തിക്കുന്ന മുറയ്ക്ക് സ്റ്റോറിൽ എത്തിച്ച EESL-ന് നിർദ്ദേശം നൽകി കേടുപാടുകൾ തീർത്ത് |

| | | | |
|---|---|---|---|
| | | | നൽകുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ